"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വമിഷൻ-ജീവനക്കാര്യം-ശ്രീമതി.കെ.ഷീബയുടെ (എച്ച്.എസ്.എസ്.ടി (ജൂനിയർ) ഹിന്ദി, ടിവി പുരം ഗവ.ഹയർസെക്കൻഡറി സ്കൂൾ, വൈക്കം) തിരുവനന്തപുരം ജില്ലാ ശുചിത്വ മിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി.) തസ്തികയിലെ അന്യത്രസേവനകാലം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1425/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/07/2020

---

പരാമർശം:- 1 10/05/2013-ലെ സർക്കുലർ നം.42/2013/ധന.

2 28/11/2013-ലെ സ.ഉ.(സാധാ)നം.518/2013/ധന.

3 25.02.2017- ലെ സ.ഉ(സാധാ)നം.542/2017/തസ്വഭവ

4 17.03.2018-ലെ സ.ഉ(സാധാ)നം.1092/2018/തസ്വഭവ

5 31.05.2019- ലെ സ.ഉ(സാധാ)നം.1111/2019/തസ്വഭവ

6 ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06/03/2020-ലെ 603/ബി/2018/എസ്.എം. നമ്പർ കത്ത്.

**ഉത്തരവ്**

വൈക്കം ടിവി പുരം ഗവ.ഹയർസെക്കൻഡറി സ്കൂളിലെ ഹിന്ദി ടീച്ചറായ (എച്ച്.എസ്.എസ്.ടി (ജൂനിയർ) ശ്രീമതി.കെ.ഷീബയ്ക്ക് പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ ശുചിത്വ മിഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി.) തസ്തികയിൽ നിയമനം നൽകുകയും തുടർന്ന് പരാമർശം(4), (5) എന്നിവ പ്രകാരം ഓരോ വർഷത്തേക്ക് അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തു. ടിയാളുടെ അന്യത്ര സേവനകാലം 31/03/2020-ൽ അവസാനിച്ച സാഹചര്യത്തിൽ 01/04/2020 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകുന്നതിനായി പരാമർശം (6) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാറിനോട് അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.കെ.ഷീബയുടെ (എച്ച്.എസ്.എസ്.ടി (ജൂനിയർ) ഹിന്ദി, ടിവി പുരം ഗവ.ഹയർസെക്കൻഡറി സ്കൂൾ, വൈക്കം) തിരുവനന്തപുരം ജില്ലാ ശുചിത്വ മിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി.) തസ്തികയിലെ അന്യത്രസേവനകാലം കെ.എസ്.ആർ. പാർട്ട് I റൂൾ 140 (സി)-ലെ വ്യവസ്ഥകൾക്കും പരാമർശം (1) (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 01/04/2020 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.

ശ്രീമതി.കെ.ഷീബ(ഹയർസെക്കന്ററി ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ഹയർസെക്കന്ററി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എൽ.ബി.എ.), കേരള, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ